**അടിയന്തരപ്രമേയം**

**റെയിൽവെ ബഡ്ജറ്റിലെ അവഗണന**

മി. സ്പീക്കർ: എൻ.ഡി.എ. സർക്കാർ ഇന്നലെ അവതരിപ്പിച്ച റെയിൽവെ ബഡ്ജറ്റിൽ കേരളം പൂർണ്ണമായി അവഗണിക്കപ്പെട്ടിരിക്കുന്നതിനാലും പെനിൻസുലർ റെയിൽവെ സോൺ, പാലക്കാട് കോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, സബർബൻ റെയിൽ, അങ്കമാലി–ശബരി റെയിൽപാത തുടങ്ങിയ അടിയന്തര ആവശ്യങ്ങൾ അവഗണിക്കപ്പെട്ടതിനാലും റെയിൽവെ ബഡ്ജറ്റ് തയ്യാറാക്കിയതിനുശേഷം നിവേദനം നൽകിയ സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേടുമൂലവും ഉളവായിട്ടുള്ള സ്ഥിതി വിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എസ്. ശർമ്മ, വി. എസ്. സുനിൽ കുമാർ, സി.കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇത് ചർച്ച ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാണ്. കാരണം ഇന്ത്യയുടെ ചരിത്രത്തിൽ ഒരു സംസ്ഥാനത്തും ഇത്രയും അവഗണന ഉണ്ടായിട്ടുള്ള റെയിൽവെ ബഡ്ജറ്റ് ഉണ്ടായിട്ടില്ല. അത് സംസ്ഥാന ഗവൺമെന്റിന്റെ വീഴ്ച കൊണ്ടാണെന്ന് ആക്ഷേപിച്ചിരിക്കുന്ന സാഹചര്യത്തിൽ എല്ലാ കാര്യങ്ങളും ജനങ്ങൾ അറിയട്ടെ. അതുകൊണ്ട് ഇത് ചർച്ച ചെയ്യാം. ഇന്ന് ഫിനാൻസ് ബില്ലാണ് അജണ്ടയിൽ വച്ചിട്ടുള്ളത്. അത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ടതിനുശേഷം ഈ വിഷയം ചർച്ചയ്ക്കെടുക്കാം. അടിയന്തര പ്രമേയം എന്ന് പറയുന്നത് ആ ദിവസം

ചർച്ചയ്ക്ക് എടുക്കാനുള്ളതാണ്. അതുകൊണ്ട് ഇന്ന് ചർച്ച ചെയ്യാം. ഫിനാൻസ് ബില്ലിന്റെ അർജൻസി എല്ലാവർക്കും അറിയാം. അതുകൊണ്ട് അത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ടുകൊണ്ട് നമുക്ക് ഈ വിഷയം ചർച്ചയ്ക്ക് എടുക്കാം.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റിക്ക് വിട്ടുകഴിയുമ്പോൾ സമയത്തിന്റെ പ്രശ്നം വരും. ചെയറിന് വിഷമമൊന്നുമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇന്ന് സമയം പാലിച്ച് ഫിനാൻസ് ബില്ലിന്റെ ചർച്ച തീർന്നതിനുശേഷം ഒന്നരമണിക്ക് ഈ വിഷയം എടുക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഫിനാൻസ് ബില്ലിൽ മൂന്ന് മണിക്കൂറാണ് ചർച്ച. ആ മൂന്ന് മണിക്കൂർ സ്ട്രിക്ടായി സ്പീക്കർ നടപടി എടുത്താൽ മതി. എന്നിട്ട് നമുക്ക് ഇതിലേയ്ക്ക് കടക്കാം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അടിയന്തര പ്രമേയത്തിനും റൂൾ അനുസരിച്ചുള്ള സമയം അങ്ങ് നിശ്ചയിച്ചാൽ മതി.